# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2350</u>   <u>19.06.2013 ൽ മറുപടിക്ക്</u>

**<u>ആരോഗ്യ മേഖലയിൽ നേട്ടം കൈവരിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ</u>**

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എം.എ. വാഹിദ് | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ആരോഗ്യ മേഖലയിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച് ശ്രദ്ധേയമായ നേട്ടം കൈവരിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുരസ്കാരങ്ങൾ നൽകുന്ന പദ്ധതിക്ക് ആരോഗ്യ വകുപ്പ് തുടക്കമിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) തുടക്കമിട്ടിട്ടുണ്ട്. 12-ാം പഞ്ചവൽസര പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയിൽ നിന്നും ആരോഗ്യമേഖലയിൽ ശ്രദ്ധേയമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും നഗരസഭകൾക്കും ആരോഗ്യ പുരസ്കാരം 2012 യഥാക്രമം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പും എൻ.ആർ.എച്ച്.എം.ഉം സംയുക്തമായി ആദ്യമായാണ് 2012 – 13 ൽ ആരോഗ്യ കേരളം പുരസ്കാരത്തിന് തുടക്കമിട്ടത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (ബി) ആരോഗ്യ മേഖലയിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ പ്രോൽസാഹിപ്പിക്കുന്നതിലൂടെ കേരളത്തിലെ ആരോഗ്യ സൂചകങ്ങളിൽ കാര്യമായ പുരോഗതി ഉണ്ടാക്കുക എന്നതാണ് പുരസ്കാരത്തിന്റെ ലക്ഷ്യം. |
| (സി) | ഏതെല്ലാം തദ്ദേശ ഭരണസ്ഥാപനങ്ങൾക്കാണ് പുരസ്കാരങ്ങൾ നൽകുന്നത് ; | (സി) സംസ്ഥാനതലത്തിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ച വച്ച് ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്ന ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയും, ഒന്നും, രണ്ടും സ്ഥാനങ്ങൾ നേടുന്ന മുനിസിപ്പൽ കോർപ്പറേഷനും, ജില്ലാ തലത്തിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന ഗ്രാമപഞ്ചായത്തുകൾക്കുമാണ് പുരസ്കാരം നൽകുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പുരസ്കാരത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി) | താഴെ സൂചിപ്പിക്കുന്ന മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുരസ്കാരങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്.<br><br>1. ആരോഗ്യമേഖലയ്ക്ക് മാറ്റിവച്ച പദ്ധതി വിഹിത ശതമാനം.<br>2. ആരോഗ്യ പദ്ധതികളുടെ എണ്ണം.<br>3. മാർച്ച് 31 വരെയുള്ള പദ്ധതി നടപ്പിലാക്കലും ചെലവും.<br>4. ആരോഗ്യ അനുബന്ധ പദ്ധതികളുടെ സാന്നിദ്ധ്യം (അഭികാമ്യം) മാലിന്യ സംസ്കരണം, കൊതുക് നിവാരണം, കുടിവെള്ള പദ്ധതികൾ<br>5. WHSC fund ന്റെ വിനിയോഗം<br>6. പ്രതിരോധ കുത്തിവയ്പുകൾ ലഭിച്ച കുട്ടികളുടെ കണക്കുകൾ<br>7. പകർച്ചവ്യാധികളുടെ കുറവ് – ഡങ്കു, ലെപ്റ്റോസ്പൈറ, ഹെപ്പറ്റൈറ്റിസ് –A<br>8. പദ്ധതികളുടെ ഗുണമേന്മ – വൈവിധ്യം, നൂതനത്വം, ജനപങ്കാളിത്തം |

സെക്ഷൻ ഓഫീസർ